പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1483 | 03.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **ചെങ്ങന്നൂരിൽ മാതൃക അംഗൻവാടി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാന പ്രകാരമുള്ള മാതൃക അംഗൻവാടി സംബന്ധിച്ച നിവേദനത്തിന്റെ നിലവിലുള്ള സ്ഥിതി വിശദീകരിക്കുമോ; | (എ) & (ബി)<br>ഒരു നിയോജകമണ്ഡലത്തിൽ ഒരു അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്. ആയത് പ്രകാരം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മാവേലിക്കര ഐ.സി.ഡി.എസ് പ്രോജക്ടിൽ മാന്നാർ ഗ്രാമപഞ്ചായത്തിൽ 172-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുന്നതിന് 07.02.2013 ലെ സ.ഉ(സാധാ) നം. 39/2013/സാനീവ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും നിർമ്മാണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തുവെങ്കിലും ഭൂമി തർക്കം കാരണം നിർമ്മാണ പ്രവർത്തനം നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഏതെങ്കിലും നിയോജകമണ്ഡലത്തിൽ മാതൃകാ അംഗൻവാടി ആരംഭിക്കാൻ കഴിഞ്ഞില്ല എങ്കിൽ ആയത് മറ്റൊരു നിയോജകമണ്ഡലത്തിൽ ഒന്നിൽ കൂടുതൽ അനുവദിക്കാൻ വ്യവസ്ഥയുണ്ട്.<br><br>ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട ചെറിയനാട് പഞ്ചായത്തിൽ 52-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണം എന്ന് അപേക്ഷിച്ചു കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ ആവശ്യമായ നടപടികൾക്കായി സാമൂഹ്യനീതി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. അദ്ദേഹം ഇക്കാര്യത്തിൽ ആലപ്പുഴ പ്രോഗ്രാം ഓഫീസറോട് റിപ്പോർട്ട് |
| (ബി) പ്രസ്തുത മാതൃക അംഗൻവാടി സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളിലെ കാലതാമസം വിശദീകരിക്കുമോ? | |

| | |
|---|---|
| | ആവശ്യപ്പെട്ടിരിക്കുകയാണ്. ആലപ്പുഴ പ്രോഗ്രാം ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ